**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 281** **12-03-2025 - ൽ മറുപടിയ്ക്ക്**

**സർവ്വകലാശാലകൾക്ക് ലഭിച്ച ഉയർന്ന നാക് ഗ്രേഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീമതി യു പ്രതിഭ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ വന്നശേഷം നാഷണൽ അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിലിന്റെ അംഗീകാര പരിശോധനയിൽ സംസ്ഥാന സർവ്വകലാശാലകൾക്ക് ഉയർന്ന ഗ്രേഡുകൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ സർവ്വകലാശാലകൾക്ക് ഏതൊക്കെ ഗ്രേഡുകളാണ് ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (എ) | നാഷണൽ അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിലിന്റെ അംഗീകാര പരിശോധനയിൽ ഉയർന്ന ഗ്രേഡുകൾ ലഭിച്ച കേരളത്തിലെ സർവകലാശാലകൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു :<br><br>1. കേരള സർവകലാശാല (A++)<br>2. മഹാത്മാഗാന്ധി സർവകലാശാല (A++)<br>3. കാലിക്കറ്റ് സർവകലാശാല (A+)<br>4. കുസാറ്റ് (A+)<br>5. ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല (A+)<br>6. കണ്ണൂർ സർവകലാശാല (B++) |
| (ബി) | ഉയർന്ന ഗ്രേഡുകൾ ലഭിക്കുന്നതിനടിസ്ഥാനമായി എന്തൊക്കെ അക്കാദമിക, അക്കാദമികേതര പ്രവർത്തനങ്ങളാണ് സർവ്വകലാശാലകളിൽ നടത്തി വരുന്നത്; വിശദാംശങ്ങൾ നൽകാമോ? | (ബി) | താഴെപ്പറയുന്ന 7 പ്രധാന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് നാഷണൽ അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിൽ സർവകലാശാലകളെ ഗ്രേഡിംഗിനായി വിലയിരുത്തുന്നത് :<br><br>1. പാഠ്യപദ്ധതിയുടെ വശങ്ങൾ<br>2. അദ്ധ്യാപന പഠനം, വിലയിരുത്തൽ<br>3. ഗവേഷണം, നവീകരണം, വിപുലീകരണം<br>4. അടിസ്ഥാന സൗകര്യങ്ങളും പഠന വിഭവങ്ങളും<br>5. വിദ്യാർത്ഥി പിന്തുണയും പുരോഗതിയും<br>6. ഭരണം, നേതൃത്വം, മാനേജ്മെന്റ്<br>7. സ്ഥാപന മൂല്യങ്ങളും മികച്ച രീതികളും<br><br>പ്രസ്തുത മാനദണ്ഡങ്ങൾ പൂർത്തീകരിക്കുന്നതിനായി സർവകലാശാലകളിൽ ചുവടെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു : |

- അധ്യാപകരുടെ അക്കാദമിക യോഗ്യതകളും ഗുണനിലവാരവും, സർവകലാശാലയിലെ അടിസ്ഥാന സൗകര്യങ്ങൾ, വിദ്യാർത്ഥികളുടെ എൻറോൾമെന്റ്, ലൈബ്രറി സൗകര്യം, ഗവേഷണ സൗകര്യങ്ങളുടെ പര്യാപ്തത എന്നിവ ഉയർത്തുന്നതിനുള്ള നടപടികർ സ്വീകരിച്ചു.
- മാറുന്ന കാലഘട്ടത്തിന്റെ ആവശ്യങ്ങൾക്കനുസൃതമായി പുതിയ പഠനവിഭാഗങ്ങളും പഠനകേന്ദ്രങ്ങളും കോഴ്സുകളും ആരംഭിച്ചു.
- Learning Management System-ലൂടെയുള്ള കരിക്കുലം ഡെലിവറി മാതൃക സ്വീകരിച്ചു.
- Outcome-Based Educationഅധിഷ്ഠിതമായി സിലബസ് പരിഷ്കരണം പൂർത്തിയാക്കി.
- പഠന-ഗവേഷണ പ്രവർത്തനങ്ങളിൽ Interdisciplinary, Multidisciplinary approach പ്രോത്സാഹിപ്പിച്ചു.
- വിദ്യാർത്ഥികൾക്ക് സേവനങ്ങൾ കൃത്യമായി ലഭ്യമാക്കാൻ പല സർവകലാശാലകളിലും സേവന അവകാശനിയമം നടപ്പിലാക്കിയിട്ടുണ്ട്.
- സർവകലാശാല കാമ്പസുകളെ ഭിന്നിശേഷി സൗഹൃദ കാമ്പസുകളാക്കി മാറ്റി.
- സർവകലാശാല പഠനവകുപ്പുകളിലും അഫിലിയേറ്റഡ് കോളേജുകളിലും നാലു വർഷ ബിരുദപ്രോഗ്രാമുകൾ തുടങ്ങിയിട്ടുണ്ട്.
- എല്ലാ പരമ്പരാഗത കോഴ്സുകളും സിലബസുകളും കാലഘട്ടത്തിനനുസൃതമായി നവീകരിക്കുകയും കാലഹരണപ്പെട്ട കോഴ്സുകൾക്ക് പകരം കോഴ്സ് റീസ്ട്രക്ച്ചറിംഗ് നടത്തി പുതുതലമുറ കോഴ്സുകൾ ആരംഭിച്ചുവരുകയും ചെയ്യുന്നുണ്ട്.
- വിദ്യാർത്ഥികളെ സ്വയംപര്യാപ്തരാക്കാൻ ഉതകുന്ന സ്റ്റാർട്ടപ്പ്, ഇൻക്യുബേഷൻ ഹബ്ബുകൾ തുടങ്ങിയ നൂതന സങ്കേതങ്ങൾ പഠനത്തിന്റെ ഭാഗവും തുടർച്ചയുമാക്കി സർവകലാശാലയിൽ വിജയകരമായി നടപ്പിലാക്കിവരുന്നുണ്ട്.
- വ്യവസായശാലകളുമായി ചേർന്ന് പാഠ്യപദ്ധതികൾ തയ്യാറാക്കുകയും ഗവേഷണപ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്തുവരുന്നു.
- ദേശീയ അന്തർദ്ദേശീയ തലങ്ങളിലുള്ള പ്രമുഖ സ്ഥാപനങ്ങളുമായി ധാരണാ പത്രങ്ങൾ ഒപ്പിടുകയും അതുവഴി ഫാക്കൽറ്റി/സ്റ്റുഡന്റ്

| | | | |
|---|---|---|---|
| | | | എക്സ്ചേഞ്ച് പ്രോഗ്രാമുകളും ഗവേഷണ പ്രവർത്തനങ്ങളും നടത്തിവരികയും ചെയ്യുന്നു.<br>• വിദേശ സർവകലാശാലകളിലെ പ്രമുഖരായ അധ്യാപകരുടെയും ശാസ്ത്രജ്ഞരുടെയും സേവനം ചാൻസലേഴ്സ് ചെയർ പ്രോഗ്രാം വഴി വിദ്യാർത്ഥികൾക്ക് ലഭ്യമാക്കിവരുന്നു.<br>• ദേശീയ അന്തർദ്ദേശീയതലത്തിലെ ഉന്നത നിലവാരമുള്ള അധ്യാപകരെ സർവകലാശാലയിലേയും മറ്റ് അക്കാദമിക സ്ഥാപനങ്ങളിലേയും അക്കാദമിക സമൂഹത്തിന് ഉപകാരപ്പെടുന്ന രീതിയിൽ ഉപയോഗിക്കുന്ന "എറുഡൈറ്റ് സ്കോളർ-ഇൻ-റസിഡൻസ് പ്രോഗ്രാം" നടന്നു വരുന്നു. മികച്ച ആധ്യാപകർ, നോബൽ സമ്മാനം ലഭിച്ച ശാസ്ത്രജ്ഞർ എന്നിവർ ഈ പദ്ധതിയുടെ ഭാഗമായി സർവകലാശാല സന്ദർശിക്കുകയും അവരുമായി ആശയവിനിമയം നടത്തുകയും ചെയ്തുവരുന്നുണ്ട്.<br>• ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ ധനസഹായത്തോടെ നടത്തുന്ന "ബ്രയിൻഗെയിൻ" പദ്ധതിയും സർവകലാശാലകളുടെ നിലവാരം മെച്ചപ്പെടുത്താൻ സഹായിച്ചിട്ടുണ്ട്.<br>• സർവകലാശാലാ പ്രവർത്തനങ്ങൾ ഡിജിറ്റൽ പ്ലാറ്റ്ഫോമിലേക്ക് മാറ്റുന്നതിനായി Enterprise Resource Planning (ERP) സിസ്റ്റം രൂപകൽപ്പന ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.<br>• അക്കാഡമിക്/ പരീക്ഷാ കലണ്ടർ ഓരോ അക്കാഡമിക് വർഷവും തയ്യാറാക്കുകയും അതനുസരിച്ച് സമയബന്ധിതമായി പ്രവേശനം, പഠനപ്രവർത്തനങ്ങൾ, പരീക്ഷ നടത്തിപ്പ്, ഫലപ്രഖ്യാപനം എന്നിവ നടത്തിവരികയും ചെയ്യുന്നു.<br>• അധ്യാപകർക്കും അനദ്ധ്യാപക ജീവനക്കാർക്കും വേണ്ടി പരിശീലന പരിപാടികളും ശില്പശാലകളും നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ